**മലയാളഭാഷ ശ്രേഷ്ഠഭാഷ**

**ജില്ലാ ഇൻഫർമേഷൻ ഓഫീസ്**

**കൊല്ലം**

**പത്രക്കുറിപ്പ്**

www.prd.kerala.gov.in
e-mail: prdkollam@gmail.com

**2020 ഏപ്രിൽ 15**

ഫോൺ: 0474-2794911

**കോവിഡ്-19:**

## രണ്ടു പേർ കൂടി ആശുപത്രി വിട്ടു

## ഇനി അഞ്ചു പോസിറ്റീവ് കേസ് മാത്രം

പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളജ് ആശുപത്രിയിൽ കോവിഡ് 19 ചികിത്സയിലായിരുന്ന രണ്ടു പേർ കൂടി രോഗമുക്തി നേടിയതോടെ ജില്ലയിൽ ഇനി അഞ്ച് പോസിറ്റീവ് കേസുകൾ മാത്രം. ഇട്ടിവ സ്വദേശിയായ (P5) യുവതിയും ഓയൂർ മീയന സ്വദേശിയായ യുവാവുമാണ് (P7) ഇന്നലെ(ഏപ്രിൽ15) ആശുപത്രി വിട്ടത്. ജാഗ്രതയോടെയുള്ള പരിചരണവും ചികിത്സാ സൗകര്യങ്ങളും ഇവർക്ക് വളരെവേഗം രോഗമുക്തി നൽകി. നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം പുറത്തിറങ്ങുമ്പോൾ P5 13 ദിവസവും P7 ഒൻപത് ദിവസവുമാണ് അശുപത്രിയിൽ കഴിഞ്ഞത്.

ചികിത്സാ കാലയളവിൽ ആരോഗ്യ പ്രവർത്തകർ അഹോരാത്രം തങ്ങൾക്കു വേണ്ടി കഷ്ടപ്പെട്ടത് നേരിട്ടു ബോധ്യപ്പെട്ടുവെന്ന് ആശുപത്രി വിടുമ്പോൾ ഇവർ പറഞ്ഞു. തങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യസ്ഥിതി നിലനിർത്താൻ എല്ലാവിധ സഹായങ്ങളും നൽകിയ മെഡിക്കൽ കോളജ് ആശുപത്രി സൂപ്രണ്ട് ഡോ ഹബീബിനോടും സഹപ്രവർത്തകരോടും നന്ദി പറയാൻ വാക്കുകളില്ല. രോഗലക്ഷണങ്ങൾ സംശയിച്ചപ്പോൾത്തന്നെ ഇടപെടുകയും വേണ്ട മുൻകരുതലുകൾ എടുക്കുകയും യഥാസമയം പരിശോധനയ്ക്കായി എത്തിക്കുകയും ചെയ്ത ആരോഗ്യ വകുപ്പ് പ്രവർത്തകരോടുള്ള കടപ്പാട് മനസിൽ സൂക്ഷിക്കുമെന്നും ഇവർ പറഞ്ഞു.

ക്വാറന്റയിൻ കാലാവധി തീരുന്നതുവരെ കർശനമായ ഗൃഹനിരീക്ഷണത്തിൽ തുടരണമെന്ന് ജില്ലാ കലക്ടർ ബി അബ്ദുൽ നാസർ ഇവർക്ക് നിർദേശം നൽകി.

(പി.ആർ.കെ. നമ്പർ. 1111/2020)

കോവിഡ് 19

## ജില്ലയിൽ പുതിയ പോസിറ്റീവ് കേസുകൾ ഇല്ല

കഴിഞ്ഞ ആറു ദിവസങ്ങളായി ജില്ലയിൽ പുതിയ കോവിഡ് 19 പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. ഇന്നലെ(ഏപ്രിൽ 15) ആരും പുതുതായി ആശുപത്രി നിരീക്ഷണത്തിൽ എത്തിയിട്ടില്ല. അതേസമയം 539 പേർ കൂടി ഗൃഹനിരീക്ഷണം വിജയകരമായി പൂർത്തിയാക്കി. ഇനി ഗൃഹനിരീക്ഷണത്തിൽ 4,581 പേർ മാത്രം.

തിരുവനന്തപുരത്ത് ചികിത്സയിലായിരുന്ന തൃക്കോവിൽവട്ടം സ്വദേശി ഉൾപ്പെടെ നാലു പേർ അതിവേഗം സുഖം പ്രാപിച്ച് ആശുപത്രി വിട്ടു. നിലവിൽ പോസിറ്റീവായ അഞ്ചു പേരുടെ ആരോഗ്യനില പൂർണമായും തൃപ്തികരമാണ്. ഇതിൽ ഒരാളൊഴികെ മറ്റെല്ലാവരും ആവർത്തന പരിശോധനയിൽ നെഗറ്റീവായി എന്നതും ശ്രദ്ധേയമാണ്. അടുത്ത പരിശോധനകളിൽ ഫലം നെഗറ്റീവാകുന്നതോടെ എല്ലാവർക്കും ഉടൻ ആശുപത്രി വിടാൻ കഴിയുമെന്നാണ് പ്രതീക്ഷ.

(പി.ആർ.കെ. നമ്പർ. 1112/2020)

കോവിഡ് 19

## ലോക്ക് ഡൗൺ ലംഘിച്ചാൽ കർശന നടപടി – ജില്ലാ കലക്ടർ

ലോക്ക് ഡൗൺ ലംഘിക്കുന്നവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുമെന്ന് ജില്ലാ കലക്ടർ ബി അബ്ദുൽ നാസർ മുന്നറിയിപ്പ് നൽകി.

കോവിഡ് 19 ന്റെ സാമൂഹിക വ്യാപനം തടയാൻ ബോധവത്കരണ പ്രവർത്തനങ്ങളും ഫീൽഡ് സർവെയ്ലൻസും ശക്തമായി തുടരുകയാണ്. ഈ ഘട്ടത്തിൽ ആളുകൾ അനാവശ്യമായി പുറത്തിറങ്ങുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. കോവിഡ് 19 നിയന്ത്രണ പ്രവർത്തനങ്ങളും രോഗചികിത്സയും സജീവമായി നടക്കുകയാണ്. കിടപ്പ് രോഗികളായ അനേകമാളുകൾക്ക് മരുന്നും ആശ്വാസവും വീടുകളിൽ എത്തിക്കുന്നതിനും കർമ്മനിരതരാണ് ആരോഗ്യ പ്രവർത്തകരും പൊലീസുമെല്ലാം. അത്യാഹിതത്തിൽപ്പെടുന്നവർ, ഡയാലിസിസ്, വെന്റിലേറ്റർ സൗകര്യങ്ങൾ വേണ്ടവർ തുടങ്ങിയവർക്ക് സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്. വിവിധ കാര്യങ്ങൾക്കായി ജില്ലാ ഭരണകൂടത്തെ

ദൈനംദിനം ബന്ധപ്പെടുന്നവർക്ക് സഹായം നൽകേണ്ടതുണ്ട്. ഇതിനിടയിൽ ആൾക്കൂട്ടം നിയന്ത്രിക്കാനായി വിലപ്പെട്ട മനുഷ്യവിഭവശേഷി ഉപയോഗിക്കേണ്ടി വരുന്നത് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. ഈ സാഹചര്യത്തിൽ പൊതുജനങ്ങൾ വീട്ടിലിരുന്ന് സഹകരിക്കണമെന്നും മാനസികോല്ലാസത്തിനും മനുമായി സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്നും ജില്ലാ കലക്ടർ പറഞ്ഞു.

(പി.ആർ.കെ. നമ്പർ. 1113/2020)

**കോവിഡ് 19**

## മെഡിക്കൽ ഓഫീസർമാർക്ക് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് പരിശീലനം നൽകി

കോവിഡ് 19 ഫസ്റ്റ് ലൈൻ ട്രീറ്റ്മെൻറ് സെന്ററുകൾ പ്രവർത്തനക്ഷമമാകുന്നതിന്റെ ഭാഗമായി ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർക്ക് ഓൺലൈൻ പരിശീലനം നൽകി. പാരിപ്പള്ളി മെഡിക്കൽ കോളജ് സൂപ്രണ്ട് ഡോ ഹബീബ് ക്ലാസുകൾ നയിച്ചു. എയർ ബോൺ ഇൻഫെക്ഷൻ കൺട്രോൾ മാർഗ്ഗങ്ങൾ, ട്രീറ്റ്മെന്റ് ഗൈഡ് ലൈൻ, എ ബി സി ഓഫ് കോവിഡ് കേസ് എന്നീ മേഖലകളിൽ അവതരണം നടത്തി. സംശയ നിവാരണത്തിനും നൂതനാശയങ്ങൾ പങ്കു വയ്ക്കുന്നതിനും അവസരം നൽകി.

പ്രാഥമിക കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് 157 ഡോക്ടർമാർ പങ്കെടുത്തു. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെൻറ് സെന്റർ എന്നറിയപ്പെടുന്ന മുൻനിര കോവിഡ് പരിരക്ഷാ ആശുപത്രികളിൽ 24 മണിക്കൂർ സേവനമാകും നൽകുക. 25 ബെഡിന് നാല് മണിക്കൂർ നീളുന്ന ആറു ഷിഫ്റ്റുകളിലായി എട്ട് ഡോക്ടർമാർ, 12 സ്റ്റാഫ് നഴ്സുമാർ, 10 ക്ലീനിംഗ് സ്റ്റാഫുകൾ, ആറ് ഹെൽത്ത് കെയർ വോളന്റിയർമാർ, മൂന്നു ഫാർമസിസ്റ്റുകൾ എന്നിങ്ങനെയാണ് ക്രമീകരണം. 50 ബെഡിന് ഇരട്ടി സജ്ജീകരണം. ഓരോ യൂണിറ്റും പൂർണ സജ്ജമായ ആശുപത്രിക്ക് തുല്യമാണ്. ഒ പി, ഐ പി അഡ്മിഷൻ രജിസ്റ്ററുകൾ തുടങ്ങിയവ സൂക്ഷിക്കണം. എല്ലാ ദിവസവും ജില്ലാ കൺട്രോൾ സെല്ലിലേക്ക് റിപ്പോർട്ട് അയക്കണം. രോഗീപരിചരണത്തിനായി ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തും. ഓരോ രോഗലക്ഷണത്തിനും അനുയോജ്യമായ പരിചരണം ഉറപ്പു വരുത്തുന്നതാണ്. ഏതു സമയത്തും ഫസ്റ്റ് ലൈൻ ട്രീറ്റ്മെൻറ് സെന്ററുകൾ പ്രവർത്തനസജ്ജമാകാൻ മറ്റു വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കും ഉടൻ പരിശീലനം നൽകും.

(പി.ആർ.കെ. നമ്പർ. 1114/2020)

**കോവിഡ് 19**

## ആരോഗ്യ പ്രവർത്തകർ ബ്രേക്ക് ദ ചെയിൻ ക്യാമ്പയിനുമായി വീണ്ടും വീടുകളിലേക്ക്

ലോക്ക് ഡൗൺ മെയ് മൂന്നുവരെ നീട്ടിയ പശ്ചാത്തലത്തിൽ ഗൃഹനിരീക്ഷണത്തിൽ കഴിയുന്നവർക്കും കിടപ്പു രോഗികൾക്കും ജീവിത ശൈലീ രോഗങ്ങൾ ഉള്ളവർക്കും നേരിട്ട് സഹായമെത്തിക്കുന്നതിനും സാമൂഹിക അകല ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി 1,234 വാർഡുകളിലായി 1,419 സ്‌ക്വാഡുകളാണ് ഇന്നലെ(ഏപ്രിൽ 15) ഫീൽഡിൽ ഇറങ്ങിയത്. ജനപ്രതിനിധികളുടേയും വോളന്റിയർമാരുടെയും ജനമൈത്രി പൊലീസിന്റെയും പങ്കാളിത്തം ഉൾപ്പെടെ 3,540 പേർ അടങ്ങിയ സംഘം 13,071 വീടുകളാണ് ഇന്നലെ(ഏപ്രിൽ 15) മാത്രം സന്ദർശിച്ചത്. ക്വാറന്റയിനിലുള്ള 4,581 പേർക്ക് വേണ്ട മാർഗനിർദേശങ്ങൾ നൽകി. ഇതോടൊപ്പം ഫീൽഡ്/റെയിൽവേ, ബസ് സ്റ്റാൻഡ്, റോഡുകൾ, ജില്ലാ-സംസ്ഥാന അതിർത്തികൾ എന്നിവിടങ്ങളിലായി 91 റാപിഡ് റസ്‌പോൺസ് ടീമുകൾ, 11 സ്‌ക്വാഡുകൾ എന്നിവയും സജീവമായിരുന്നു. ഇന്നലെ 211 പേർക്കും ഇതുവരെ ആകെ 3,145 പേർക്കും മാനസികാരോഗ്യ കൗൺസലിംഗ് നൽകി. 11,936 കേസുകളിൽ ടെലി കൗൺസലിംഗ് പൂർത്തിയാക്കി.

(പി.ആർ.കെ. നമ്പർ. 1115/2020)

**കോവിഡ് 19**

## ജില്ലാ അതിർത്തികളിൽ 24 മണിക്കൂറും ജാഗ്രത

കോവിഡ് 19 സമൂഹ വ്യാപനം തടയുന്നതിനായി ജില്ലാ അതിർത്തികളിൽ കർശനമായ പരിശോധന തുടരുന്നു. ലോക്ക് ഡൗൺ നീട്ടിയ ദിവസം കൂടുതൽ യാത്രാ വാഹനങ്ങൾ അതിർത്തി കടന്നെത്തിയതോടെ ആരോഗ്യ പരിശോധന കൂടുതൽ കർക്കശമാക്കി. ഇതിനായി ആരോഗ്യ വകുപ്പിനൊപ്പം ഫുഡ് സേഫ്റ്റി, റവന്യു, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവരുടെ സ്‌പെഷ്യൽ സ്‌ക്വാഡ് പ്രവർത്തിക്കുന്നു. സ്‌പെഷ്യൽ സ്‌ക്വാഡുകളുടെ പ്രവർത്തനം ഒരാഴ്ച്ച കൂടി തുടരുമെന്നും ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കാത്തവർക്കെതിരെ നിയമ നടപടികൾ എടുക്കുമെന്നും ജില്ലാ കലക്ടർ ബി അബ്ദുൽ നാസർ മുന്നറിയിപ്പു നൽകി.

ജില്ലയുടെ വിവിധ അതിർത്തികളിൽ പരിശോധനയുടെ ഭാഗമായി ജില്ലാ ഐ ഡി എസ് പി സെൽ ഹെൽത്ത് ഇൻസ്‌പെക്ടർ ഷാജിർ, ജെ എച്ച് ഐ വിജീഷ് എന്നിവരുടെ നേതൃത്വത്തിൽ പൊലിസ്, ആശ, ആരോഗ്യ പ്രവർത്തകർ അടങ്ങിയ 49 അംഗ സംഘം ഓച്ചിറ - 86, താമരക്കുളം-94, കടമ്പാട്ടുകോണം-2325, ഏനാത്ത്-500, ആര്യങ്കാവ് ചെക്ക് പോസ്റ്റ്-927 എന്നിവിടങ്ങളിലായി 3,937 പേർക്ക്

*സ്ക്രീനിംഗ് നടത്തി. ഫ്ളാഷ് തെർമോ മീറ്റർ ഉപയോഗിച്ചു നടത്തിയ പ്രാഥമിക പരിശോധനയിൽ അഞ്ചു വയസിൽ താഴെ പ്രായമുള്ള 18 കുട്ടികൾ ഉൾപ്പെടെയുള്ളവരെ പരിശോധിച്ചു. ആർക്കും രോഗലക്ഷണങ്ങൾ പ്രകടമല്ല.*

*(പി.ആർ.കെ. നമ്പർ. 1116/2020)*

***കോവിഡ് 19***

## *173 കൊറോണ കെയർ സെന്ററുകൾ*

## *നിരീക്ഷണത്തിലുള്ളവർ 161 പേർ*

*കോവിഡ് 19 സമ്പൂർണ നിയന്ത്രണം ലക്ഷ്യമിട്ട് കൊറോണ കെയർ സെന്ററുകളുടെ എണ്ണം 173 ആയി ഉയർത്തുകയും വ്യക്തിഗത പരിചരണത്തിന് വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. ഒരേയ്ക്ക് കഴിയുന്നതിന് കിടക്ക സൗകര്യമുള്ള 4557 മുറികളാണ് പൂർണ സജ്ജമായിട്ടുള്ളത്. നിലവിൽ 11 സെന്ററുകളിൽ 161 പേരാണ് പ്രത്യേക പരിചരണത്തിലുള്ളത്. രോഗപരിചരണം, ഭക്ഷണം, അനുബന്ധ സൗകര്യങ്ങൾ തുടങ്ങിയവ കുറ്റമറ്റ രീതിയിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അടിയന്തിര സാഹചര്യമുണ്ടായാൽ ഒരേ സമയം 967 പേർക്ക് കിടക്ക സൗകര്യമുള്ള 20 ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലായി ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്നും ജില്ലാ കലക്ടർ ബി അബ്ദുൽ നാസർ അറിയിച്ചു.*

*(പി.ആർ.കെ. നമ്പർ. 1117/2020)*

***കോവിഡ് 19***

## *കൊട്ടാരക്കര ഇ ടി സി മെൻസ് ഹോസ്റ്റലും*

## *ഇനി റീഹാബിലിറ്റേഷൻ സെന്റർ*

*കോവിഡ് 19 രോഗബാധ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ കൂടാതെ ലോക്ക് ഡൗൺ കാലയളവിൽ വീടില്ലാത്തവർക്കും അനാഥർക്കുമായി തിരഞ്ഞെടുത്ത കൊറോണ കെയർ സെന്ററുകളിൽ പ്രവേശനം തുടരുന്നു. കൊട്ടാരക്കര ഇ ടി സിയിൽ റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു. ഇതോടെ റീഹാബിലിറ്റേഷൻ സെന്റർ 11 എണ്ണമായി. ഇവിടെ 416 പേർ പരിചരണത്തിലുണ്ട്.*

*(പി.ആർ.കെ. നമ്പർ. 1118/2020)*

കോവിഡ് 19

## ജില്ലയിൽ ആകെ 4,581 പേർ ഗൃഹനിരീക്ഷണത്തിൽ

ജില്ലയിൽ ഇന്നലെ(ഏപ്രിൽ 15) 4,581 പേരാണ് ഗൃഹനിരീക്ഷണത്തിൽ ഉള്ളത്. ഇന്നലെ(ഏപ്രിൽ 15) പുതുതായി ഗൃഹനിരീക്ഷണത്തിൽ പ്രവേശിച്ചത് 24 പേർ മാത്രമാണ്. ഇന്നലെ(ഏപ്രിൽ 15) പ്രവേശിപ്പിക്കപ്പെട്ട രണ്ടുപേർ ഉൾപ്പെടെ ആശുപത്രിയിൽ 10 പേർ മാത്രമേ നിരീക്ഷണത്തിൽ ഉള്ളൂ. മൂന്നു പേർ ഡിസ്ചാർജ് ആയി. 19,019 പേരിൽ ഇതുവരെ 14,428 പേർ നിരീക്ഷണ പരിധിയിൽ നിന്നും ഒഴിവായിട്ടുണ്ട്.

ഇതുവരെ വിദഗ്ധ പരിശോധനയ്ക്ക് അയച്ച 1,176 സാമ്പിളുകളിൽ എട്ടെണ്ണത്തിന്റെ ഫലം കൂടി വരാനുണ്ട്. നിലവിൽ ജില്ലയിൽ പോസിറ്റീവായി അഞ്ചു കേസുകൾ മാത്രമാണുള്ളത്. നാലു പേർ രോഗം ഭേദമായി വീട്ടിൽ തിരികെ എത്തി. ഇതുവരെ ഫലം വന്നതിൽ 1,155 എണ്ണം നെഗറ്റീവാണ്.

കോവിഡ് 19 മായി ബന്ധപ്പെട്ട വിവരങ്ങൾ കൈമാറുന്നതിനും സംശയങ്ങൾക്കും 8589015556, 0474-2797609, 1077, 7306750040(വാട്സ് ആപ് മാത്രം), 1056(ദിശ) എന്നീ നമ്പരുകളിൽ ബന്ധപ്പെടാം.

(പി.ആർ.കെ. നമ്പർ. 1119/2020)

കോവിഡ് 19

## ദുരിതാശ്വാസ നിധിയിലേക്ക് 25 ലക്ഷം രൂപ നൽകി മൈലം ഗ്രാമപഞ്ചായത്ത്

കോവിഡ് 19 രോഗപ്രതിരോധത്തിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് മൈലം ഗ്രാമപഞ്ചായത്ത് 25 ലക്ഷം രൂപ സംഭാവനയായി നൽകി. ചെക്ക് മൈലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗിരിജാ മുരളീധരൻ ജില്ലാ കലക്ടർ ബി അബ്ദുൽ നാസറിന് കൈമാറി. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ബിനുൻ വാഹിദ്, വൈസ് പ്രസിഡന്റ് എൽ ഉഷാകുമാരി, വാർഡംഗം കെ അരുൺ, സെക്രട്ടറി ടി ശിവകുമാർ തുടങ്ങിയവർ സന്നിഹിതരായി.

(പി.ആർ.കെ. നമ്പർ. 1120/2020)

**കോവിഡ് 19**

## ദുരിതാശ്വാസ നിധിയിലേക്ക് 20 ലക്ഷം രൂപ നൽകി

## തേവലക്കര ബോയ്സ് ആന്റ് ഗേൾസ് ഹൈസ്കൂൾ

കോവിഡ് 19 രോഗപ്രതിരോധത്തിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തേവലക്കര ബോയ്സ് ആന്റ് ഗേൾസ് ഹൈസ്കൂൾ മാനേജ്മെന്റ് 20 ലക്ഷം രൂപ സംഭാവനയായി നൽകി. ചെക്ക് സ്കൂൾ മാനേജർ എ വിശ്വനാഥൻ പിള്ള ജില്ലാ കലക്ടർ ബി അബ്ദുൽ നാസറിന് കൈമാറി.

കൂടാതെ സ്കൂൾ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളമായ 30,78,160 രൂപ ഉടൻ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനായി നൽകുമെന്നും മാനേജർ അറിയിച്ചു.

(പി.ആർ.കെ. നമ്പർ. 1121/2020)

**കോവിഡ് 19**

## ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി

കോവിഡ് 19 രോഗപ്രതിരോധത്തിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ആലപ്പാട് ഗ്രാമപഞ്ചായത്ത് നാലു ലക്ഷം രൂപ കൈമാറി.

(പി.ആർ.കെ. നമ്പർ. 1122/2020)

**കോവിഡ് 19**

## ഹോമിയോപ്പതി വകുപ്പിന്റെ കരുതൽ പദ്ധതി ശ്രദ്ധേയം

ഹോമിയോപ്പതി വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസ്, ജില്ലാ ഭരണകൂടം, ദുരന്ത നിവാരണ അതോറിറ്റി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന കരുതൽ ആരോഗ്യ പദ്ധതി ശ്രദ്ധേയം. ലോക്ക് ഡൗൺ മൂലം പുറത്തിറങ്ങാൻ പറ്റാതെ സ്ഥിരമായി ഹോമിയോ മരുന്നു ഉപയോഗിച്ചുവരുന്ന അവശത അനുഭവിക്കുന്ന രോഗികൾക്കും മുതിർന്ന പൗരന്മാർക്കും ഹോമിയോപ്പതി മരുന്നു വീടുകളിൽ എത്തിച്ചു നൽകുന്നു. മൂന്നൂറിലധികം രോഗികൾക്ക് പദ്ധതി പ്രകാരം മരുന്നെത്തിച്ച് നൽകി.

രോഗികളുമായുള്ള ആശയ വിനിമയത്തിന് ശേഷം രോഗിയുടെ ഏറ്റവും അടുത്തുള്ള സർക്കാർ ഹോമിയോ ആശുപത്രി/ഡിസ്പെൻസറി യിൽ നിന്നും മരുന്നുകൾ ദുരന്ത നിവാരണ അതോറിറ്റി ഏർപ്പെടുത്തിയിട്ടുള്ള വോളന്റിയർമാരിലൂടെ വീടുകളിൽ എത്തിക്കുകയുമാണ് ചെയ്യുന്നത്.

ഒറ്റപ്പെട്ട് കഴിയുന്ന മുതിർന്ന പൗരന്മാർക്കും ഫോൺ മുഖേന ഉപദേശങ്ങളും കൗൺസിലിങ്ങും പദ്ധതി പ്രകാരം നൽകുന്നുണ്ട്. ഹോമിയോപ്പതി സേവനങ്ങൾക്കായി വകുപ്പ് രൂപീകരിച്ചിട്ടുള്ള ടാസ്ക് ഫോഴ്സ് അംഗങ്ങളുമായി ഫോണിലൂടെ ബന്ധപ്പെടാമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ(ഹോമിയോ) അറിയിച്ചു.

ഫോൺ നമ്പർ: 7012094631(ഡോ പി എൻ ഹരിലാൽ), 9446072887(ഡോ എം അഭിലാഷ്), 9446662261(ഡോ ഐ ആർ അശോക് കുമാർ), 9495186240(ഡോ എസ് ശ്രീകുമാർ), 9895912602(ഡോ പി എസ് ശ്രീകാന്ത്), 9446330388(ഡോ ദിലീപ് ചന്ദ്രൻ).

(പി.ആർ.കെ. നമ്പർ. 1123/2020)

**കോവിഡ് 19**

## വിഷുക്കൈനീട്ടം ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി ഗാന്ധിഭവൻ

പത്തനാപുരം ഗാന്ധിഭവനിലെ ഈ വർഷത്തെ വിഷുക്കൈനീട്ടം കോവിഡ് 19 രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തു.

എല്ലാ വർഷവും വിഷുക്കണിക്ക് മുമ്പിൽ ഒരോ ജീവനക്കാരും കാണിക്ക വയ്ക്കുന്ന തുക സമാഹരിച്ച് സേവന പ്രവർത്തകരുടെ ക്ഷേമത്തിനായുള്ള കരുതൽ പദ്ധതിയിൽ നിക്ഷേപിക്കുകയും പ്രയാസം നേരിടുന്ന ജീവനക്കാർക്ക് ആവശ്യമായി വരുമ്പോൾ സഹായമായി നൽകുകയുമാണ് പതിവ്. എന്നാൽ ഈ വർഷം വിഷുക്കൈനീട്ടമായി ലഭിച്ച 27,000 രൂപ ജീവനക്കാർ സെക്രട്ടറി പുനലൂർ സോമരാജനുമായി അലോചിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യാൻ തീരുമാനിക്കുകയായിരുന്നു.

ചെക്ക് ഗാന്ധിഭവൻ എക്സിക്യൂട്ടീവ് മാനേജരും മുൻ ജയിൽ ഡി ഐ ജി യുമായ ബി പ്രദീപിന്റെ നേതൃത്വത്തിൽ ഗാന്ധിഭവൻ ഷെൽട്ടർ ഹോം സൂപ്രണ്ട് ആർ ഷൈമ, കൗൺസിലർ അപർണ മോഹൻ എന്നിവർ ചേർന്ന് ജില്ലാ കലക്ടർ ബി അബ്ദുൽ നാസറിന് കൈമാറി.

(പി.ആർ.കെ. നമ്പർ. 1124/2020)

**കോവിഡ് 19**

## ജീവിതത്തിലേയ്ക്ക് വഴിതെളിച്ച് 24 മണിക്കൂറും ആംബുലൻസുകൾ

കോവിഡ് 19 ജില്ലാതല നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങളിലും ചികിത്സയ്ക്കു ശേഷം വീട്ടിലേക്കുള്ള യാത്രകളിലും തുണയാകുന്നത് ജില്ലാ

ഭരണകൂടത്തിന്റെയും ആരോഗ്യവകുപ്പിന്റെയും നിയന്ത്രണത്തിലുള്ള വാഹന ക്രമീകരണമാണ്. 22 ആംബുലൻസുകളും വിവിധ വകുപ്പുകളുടെ 21 യാത്രാ വാഹനങ്ങളും കോവിഡ് 19 പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു.

ആരോഗ്യ വകുപ്പിന്റെ 13 എണ്ണവും 108 ആംബുലൻസ് ആറെണ്ണവും സ്വകാര്യ ഉടമസ്ഥതയിലുള്ള മൂന്നെണ്ണവും ഉൾപ്പെടെ 22 ആംബുലൻസുകളാണ് സർവീസ് നടത്തുന്നത്. പുനലൂർ, കൊട്ടാരക്കര, കരുനാഗപ്പള്ളി താലൂക്ക് ആശുപത്രികൾ, കൊല്ലം ജില്ലാ ആശുപത്രി, പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളജ് എന്നിവിടങ്ങളിലാണ് സാമ്പിൾ എടുക്കുന്നത്. ഇവിടേക്ക് യഥാസമയം രോഗികളെ എത്തിക്കുന്നതിന് ജില്ലാ ഭരണ കേന്ദ്രത്തിൽ മാത്രം ആറ് ആംബുലൻസുകളാണ് ജില്ലാ മെഡിക്കൽ ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളത്. ഇതു കൂടാതെ തൃക്കടവൂർ, ആര്യങ്കാവ്, പത്തനാപുരം, കൊട്ടാരക്കര, കുണ്ടറ, നെടുങ്ങോലം, നീണ്ടകര, കരുനാഗപ്പള്ളി എന്നിവിടങ്ങളിലും ഒൻപത് പഞ്ചായത്ത് ആസ്ഥാനങ്ങളിലുമായി എവിടെ കേസ് റിപ്പോർട്ട് ചെയ്താലും അരമണിക്കൂറിനുള്ളിൽ ഓടിയെത്താൻ കഴിയുംവിധം ആംബുലൻസ് സേവനം ക്രമീകരിച്ചിരിക്കുന്നു.

ശേഖരിച്ച സാമ്പിളുകൾ തിരുവനന്തപുരം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോടെക്നോളജിയിലാണ് പരിശോധിച്ച് ഫലം സ്ഥിരീകരിക്കുന്നത്. ഇതിനായി മൂന്ന് വാഹനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിശോധനയ്ക്കായി അഞ്ച് വാഹനങ്ങൾ മൈഗ്രന്റ് സ്ക്രീനിംഗ് സ്ക്വാഡിന് നൽകിയിട്ടുണ്ട്. സംസ്ഥാന-ജില്ലാ അതിർത്തികളിലെ പരിശോധനയ്ക്കും ഫീൽഡ് പ്രവർത്തനങ്ങൾക്കുമായി 12 വാഹനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്.

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഒന്നും വിവിധ വകുപ്പുകളുടെ 10 വാഹനങ്ങളും ഫീൽഡ് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു വരുന്നു. ഫോർമാൻ മെക്കാനിക്ക് രാമചന്ദ്രൻ നായർ ലോജിസ്റ്റിക് കൺട്രോൾ വിഭാഗവും ജില്ലാ മലേറിയ ഓഫീസർ എസ് ഐ ഷാജിലാൽ മൈഗ്രന്റ് സക്രീനിംഗും ജില്ലാ ലാബ് ടെക്നീഷ്യൻ സുധീർ ആബുലൻസ് നിയന്ത്രണവും നിർവഹിക്കുന്നു. അടിയന്തിര സാഹചര്യങ്ങളിൽ ആവശ്യാനുസരണം വാഹനങ്ങൾ ക്രമീകരിക്കുമെന്ന് ജില്ലാ കലക്ടർ ബി അബ്ദുൽ നാസർ അറിയിച്ചു.

(പി.ആർ.കെ. നമ്പർ. 1125/2020)

## കോവിഡ് 19

## വിഷുക്കൈനീട്ടം ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകി കുട്ടികൾ

കോവിഡ് 19 രോഗപ്രതിരോധത്തിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വിഷുക്കൈനീട്ടം സംഭാവനായി നൽകി ഇളമാട് ഗ്രാമപഞ്ചായത്തിലെ കുട്ടികൾ. ജില്ലാ പഞ്ചായത്തംഗം ടി ഗിരിജാകുമാരിയുടെ സാന്നിധ്യത്തിൽ കുട്ടികളുടെ പ്രതിനിധി ജാനകി കൃഷ്ണൻ സമാഹരിച്ച 5200 രൂപയാണ് ജില്ലാ കലക്ടർ ബി അബ്ദുൽ നാസറിന് കൈമാറിയത്.

(പി.ആർ.കെ. നമ്പർ. 1126/2020)

## കോവിഡ് 19

## അസാപ്പിന്റെ ഓൺലൈൻ ഹ്രസ്വകാല തൊഴിൽ പരിശീലനം

ലോക്ക് ഡൗൺ കാലാവധി സൃഷ്ടിപരമായി വിനിയോഗിച്ച് വിദ്യാർഥികളെ പ്രാപ്തരാക്കുന്നതിന് തൊഴിൽ മേഖലകളെക്കുറിച്ച് അറിയുന്നതിനും അഭിരുചിക്കിണങ്ങിയ നവയുഗ സാങ്കേതിക വിദ്യകളിൽ ഹ്രസ്വകാല പരിശീലന കോഴ്സുകളിൽ ഓൺലൈനായി പങ്കെടുക്കുന്നതിനുമുള്ള അവസരം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം(അസാപ്) ഒരുക്കുന്നു.

വിദ്യാർഥികളെ സയൻസ്, കോമേഴ്സ്, ആർട്സ്, എഞ്ചിനീയറിംഗ് തുടങ്ങി ഏഴ് വിഭാഗങ്ങളായിത്തിരിച്ച് ഓരോ വിഭാഗത്തിനും ലളിതമായി സ്വായത്തമാക്കാവുന്ന വിവിധ ഹ്രസ്വകാല കോഴ്സുകളാണ് അസാപ്പ് ലഭ്യമാക്കുന്നത്. വിവിധ വിഷയങ്ങളിൽ ബിരുദ-ബിരുദാനന്തരധാരികളായവർക്ക് അനുയോജ്യമായതും വ്യവസായലോകത്ത് തൊഴിലവസരങ്ങൾ ലഭ്യമാകുന്നതുമായ വിവിധ മേഖലകളിലെ സാധ്യതകളെ സംബന്ധിച്ച് അതത് മേഖലകളിൽ നിന്നുള്ള വിദഗ്ധർ അസാപിന്റെ ഓൺലൈൻ വെബിനാർ പ്ലാറ്റ്ഫോമിലൂടെ ഉദ്യോഗാർഥികളുമായി സംവദിക്കും.

ദിവസവും രാവിലെ 11 മണിക്കും ഉച്ചകഴിഞ്ഞ് നാലിനും വിവിധ വിഷയങ്ങളിൽ വെബിനാർ ഉണ്ടായിരിക്കും. മാർച്ച് 31 ന് ആരംഭിച്ച വെബിനാർ പരമ്പരയിലേക്കുള്ള പ്രവേശനം സൗജന്യമാണ്. ഇതോടൊപ്പം സൗജന്യമായി വിവിധ വിഷയങ്ങളിൽ ഹ്രസ്വകാല കോഴ്സുകളും ലഭ്യമാക്കുന്നുണ്ട്. വിശദവിവരങ്ങൾക്ക് www.asapkerala.gov.in/www.skillparkkerala.in എന്നീ വെബ്സൈറ്റുകളിലും 9495999762 എന്ന നമ്പരിലും ലഭിക്കും.

(പി.ആർ.കെ. നമ്പർ. 1127/2020)

കോവിഡ് 19

## വീടുകളിൽ പച്ചക്കറി കൃഷി മത്സരം ഒരുക്കി ഹരിത കേരളം മിഷൻ

സംസ്ഥാന സർക്കാരിന്റെ നിർദേശ പ്രകാരം ലോക്ക് ഡൗൺ കാലയളവിൽ വീടുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി ഹരിത കേരളം മിഷൻ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തദ്ദേശ സ്ഥാപനങ്ങൾ തുടങ്ങിയവ സംയുക്തമായി പച്ചക്കറി വിത്ത്, തൈകൾ എന്നിവ വിതരണം ചെയ്തുവരുന്നു. ലോക്ക് ഡൗൺ കാലത്ത് വീടുകളിൽ നടത്തുന്ന പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിത കേരളം മിഷൻ ജില്ലാ തലത്തിലും തദ്ദേശ സ്ഥാപന തലത്തിലും മികച്ച പച്ചക്കറി കൃഷി നടത്തുന്ന വീടിന് പ്രോത്സാഹന സമ്മാനം നൽകും.

മാർഗരേഖ ഹരിത കേരളം മിഷൻ പുറത്തിറക്കി. മത്സരത്തിൽ പങ്കെടുക്കുന്നവർ ഹരിത കേരളം മിഷൻ ഫേസ്ബുക്ക് പേജ് സന്ദർശിക്കുക. ചുരുങ്ങിയത് അഞ്ചിനങ്ങളിൽ പച്ചക്കറ/ഇലവർഗ കൃഷി നടത്തണം. പൂർണമായും വാട്സ് ആപ് മുഖാന്തരമുള്ള മോണിറ്ററിംഗ് രീതി അവലംബിച്ചാണ് മത്സരം സംഘടിപ്പിക്കുന്നത്. വാട്സ് ആപ്പ് മോണിറ്ററിംഗിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന വീടുകളിൽ കമ്മിറ്റി നേരിട്ട് സന്ദർശനം നടത്തി വിജയികളെ കണ്ടെത്തും. നടീൽ, പരിചരണം മുതലായ കാര്യങ്ങളിൽ പരിശീലനം, സാങ്കേതിക ഉപദേശം തുടങ്ങിയവ വാട്സ് ആപ് മുഖേന കൃഷി വകുപ്പ്/ഹരിത കേരളം മിഷൻ ഉദ്യോഗസ്ഥർ നൽകും. മത്സരത്തിൽ പങ്കെടുക്കുന്നവർ കൃഷിയുടെ പുരോഗതി രണ്ടാഴ്ച്ചയിൽ ഒരിക്കൽ ഫോട്ടോ സഹിതം വാടസ് ആപ് ഗ്രൂപ്പിൽ അറിയിക്കണം. ഇന്നലെ (ഏപ്രിൽ 15) മുതൽ രണ്ടര മാസം വരെയാണ് മത്സര കാലയളവ്. വിശദ വിവരങ്ങൾക്ക് 8848559463, 8157969078, 9567091246 എന്നീ നമ്പരുകളിൽ ബന്ധപ്പെടണം.

(പി.ആർ.കെ. നമ്പർ. 1128/2020)

കോവിഡ് 19

## ക്ഷീര കർഷക പെൻഷൻ അനുവദിച്ചു

ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ ക്ഷീര കർഷക ക്ഷേമനിധി ബോർഡ് അംഗങ്ങൾക്കായി വിവിധ സഹായങ്ങൾ അനുവദിച്ചു. 2020 ഏപ്രിൽ വരെയുള്ള ക്ഷീര കർഷക പെൻഷനായി 4,463 ക്ഷീരകർഷകർക്ക് 2,70,19,100 രൂപ നേരിട്ട് ക്ഷീര കർഷകരുടെ അക്കൗണ്ടുകളിലേക്ക് നൽകി.

ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ നൽകികൊണ്ടിരിക്കുന്ന അംഗങ്ങൾക്ക് ആശ്വാസ സഹായമായി 18,97,934 രൂപ ജില്ലയിലെ വിവിധ ക്ഷീര സഹകരണ സംഘങ്ങളിലൂടെ 6,604 കർഷകർക്ക് നൽകി.

(പി.ആർ.കെ. നമ്പർ. 1129/2020)

**കോവിഡ് 19**

## വയോജനങ്ങളുടെ ക്ഷേമം ഉറപ്പാക്കി കുടുംബശ്രീ

കോവിഡ് 19 നെ തുടർന്നുള്ള അതീവ ജാഗ്രതയിലും അഗതി രഹിത കേരളം പദ്ധതിയിലെ 9000 ലധികം വരുന്ന വയോജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്ന നിരീക്ഷണ സർവെ മൂന്നാം ഘട്ടത്തിലേയ്ക്ക് പ്രവേശിച്ചു. കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ 175 റിസോഴ്സ് പേഴ്സൺമാർ വഴി നേരിട്ടും ഫോൺ വിളിച്ചുമാണ് വയോജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നത്. ഇതിനോടകം 239 പേർക്ക് കമ്മ്യൂണിറ്റി കിച്ചൻ വഴി ഉച്ചഭക്ഷണം ഉറപ്പാക്കാൻ സാധിച്ചു.

ഹൃദ്രോഗികൾ, വൃക്ക രോഗികൾ, ക്യാൻസർ രോഗികൾ, കരൾ രോഗികൾ എന്നിങ്ങനെ മാരകമായ രോഗം അനുഭവിക്കുന്നവർക്കുൾപ്പെടെ 66 പേർക്ക് പ്രാഥമികാരോഗ്യ കേന്ദ്രം, പൊലീസ്, ഫയർ ഫോഴ്സ് എന്നിവരുടെ സഹായത്തോടെ കൃത്യമായി മരുന്ന് എത്തിയ്ക്കുവാനും സാധിച്ചു. പുറത്തിറങ്ങുവാനോ ആരോടും സംസാരിക്കുവാനോ ഇല്ലാതെ ഒറ്റപ്പെട്ടിരുന്ന പല മാതാപിതാക്കൾക്കും കുടുംബശ്രീയുടെ ഈ പ്രവർത്തനം വലിയ ആശ്വാസമായിരുന്നു. പലരും പ്രതീക്ഷിക്കാത്ത നേരത്ത് തങ്ങളുടെ ക്ഷേമം അന്വേഷിച്ചെത്തിയ ഫോൺ കോളിൽ കരഞ്ഞു കൊണ്ടാണ് റിസോഴ്സ് പേഴ്സൺമാരോട് സംസാരിച്ചത്. അഗതികളായ വയോജനങ്ങളുടെ ക്ഷേമം അന്വേഷിക്കുവാനും അതത് സമയം വേണ്ട അവശ്യ സേവനങ്ങൾ എന്തൊക്കെയെന്ന് കുടുംബശ്രീ ചെയർപേഴ്സൺ മുഖാന്തരം ആരോഗ്യ മേഖലയേയും തദ്ദേശ ഭരണ സ്ഥാപനങ്ങളെയും അറിയിക്കുവാൻ ലഭിച്ച അവസരം വളരെ സന്തോഷത്തോടെയാണ് റിസോഴ്സ് പേഴ്സണ്മാർ വിനിയോഗിക്കുന്നത്.

50 വയോജനങ്ങൾക്ക് ഒരാൾ എന്ന നിലയിലാണ് റിസോഴ്സ് പേഴ്സൺമാരെ നിയോഗിച്ചിരിക്കുന്നത്. കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ എ ജി സന്തോഷ്, അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ജി അരുൺ കുമാർ എന്നിവരുടെ നേതൃത്വത്തിൽ സാമൂഹിക വികസനം ജില്ലാ പ്രോഗ്രാം മാനേജർ ഡാനിയേൽ ലിബ്നി, ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ എന്നിവർ താഴെത്തട്ടിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും റിസോഴ്സ് പേഴ്സൺമാർക്ക് വേണ്ട നിർദേശങ്ങൾ കൃത്യമായി നൽകുകയും ചെയ്യുന്നു.

*(പി.ആർ.കെ. നമ്പർ. 1130/2020)*

***കോവിഡ് 19***

## *സസ്പെൻഡ് ചെയ്തു*

*ജില്ലയിലെ കോവിഡ് 19 രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായ ഹാം റേഡിയോ സംവിധാനം തടസപ്പെടുത്തിയ സർവെ വകുപ്പിലെ ഹെഡ് സർവെയർ വിപിൻ ലൂക്കോസിനെ അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്ത് സർവെ വകുപ്പ് ഡയറക്ടർ ഉത്തരവായി. ഹാം റേഡിയോ ലൈസൻസുള്ള ഇദ്ദേഹം അഗ്നിസുരക്ഷാ സേനയുടെ കൊല്ലം നഗരത്തിലെ അണുനശീകരണ പ്രവർത്തനങ്ങൾക്കിടയിൽ ഹാം റേഡിയോയുടെ പ്രധാന കേന്ദ്രത്തിന്റെ മുറി സ്വന്തം പൂട്ട് ഉപയോഗിച്ച് പൂട്ടി പ്രവർത്തനങ്ങളെ തടസപ്പെടുത്തി. കൂടാതെ കൊല്ലം ജില്ലാ കലക്ടർ, നഗരസഭാ മേയർ, ജില്ലാ ഫയർ ഓഫീസർ എന്നിവർക്കെതിരെ സമൂഹ മാധ്യമങ്ങളിൽ അധിക്ഷേപം നടത്തുകയും ചെയ്തതായി റിപ്പോർട്ട് ലഭിച്ചതിനെ തുടർന്നായിരുന്നു നടപടി. തൃപ്പൂണിത്തുറ റീ സർവെ സൂപ്രണ്ടിന്റെ കാര്യാലയത്തിൽ നിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ ഇടുക്കി ബഥേൽ റീ സർവെ സൂപ്രണ്ട് ഓഫീസിൽ ജോലി നോക്കി വരുകയായിരുന്നു ഇദ്ദേഹം.*

*(പി.ആർ.കെ. നമ്പർ. 1131/2020)*

*(അവസാനിച്ചു)*